മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷണം എന്നു പറഞ്ഞാൽ ഇൻവെസ്റ്റിഗേഷനമാകാം, എൻക്വയറിയുമാകാം. കോടതിയിൽ കേസ്സു നടത്തുന്നതു് എൻക്വയറിയാണു്.

മിസ്റ്റർ എ. ഗോപാലമേനോൻ: ഇതുമായി ബന്ധപ്പെട്ട എല്ലാവരേയും അറസ്റ്റു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കുറ്റക്കാരാണെന്നു കണ്ടവരെയെല്ലാം അറസ്റ്റു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഇതിനെ സംബന്ധിച്ചു ചാർജ്ജു് ഷീറ്റു് കോടതിയിൽ സമർപ്പിച്ചിട്ടില്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇവരിൽ രണ്ടാമതുകാരും റസീവർമാരാണു്. ഇവരുടെ പേരിൽ കോടതിയിൽ അന്യായം കൊടുക്കണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദം വേണം.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: അവരെ അറസ്റ്റു ചെയ്യുമ്പോൾ ഈ വിവരം അറിവുണ്ടായിരുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റസീവർമാരെ പ്രോസിക്യൂട്ടു ചെയ്യണമെന്നുണ്ടെങ്കിൽ കോർട്ടിന്റെ സാങ്ഷൻ വേണമൊ, വേണ്ടയൊ, എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായി. അങ്ങിനെ അഭിപ്രായവ്യത്യാസമുണ്ടായപ്പോൾ by way of abundant cautionഎന്നുള്ള രീതിയിൽ സാങ്ഷനു് അപേക്ഷിക്കുകയുണ്ടായി.

മിസ്റ്റർ ടി. പി. സീതാരാമൻ: റസീവർമാർ മാത്രമെ കുറ്റക്കാരായിട്ടുള്ളോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റസീവർമാരുടെ കാര്യത്തിൽ മാത്രമേ കോടതിയുടെ സാങ്ഷൻ ആവശ്യമുള്ളു.

മിസ്റ്റർ കെ. കുഞ്ഞുരാമൻമേനോൻ: സാങ്ഷൻ കിട്ടിയില്ലായെന്നുവരികിൽ എന്താണു് ചെയ്യുക?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോടതിയിൽ കേസ്സു ചാർജ്ജു ചെയ്തിട്ടു ശിക്ഷിച്ചില്ലായെന്നുവെച്ചാൽ എന്താണു് ചെയ്യുക!.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇവരുടെ കഴിച്ചു മറവുള്ളവരുടെ പേരിൽ ചാർജ്ജു ഷീറ്റു കൊടുക്കരുതേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു കേസ്സിൽപ്പെട്ട പലരും ഉണ്ടായിരിക്കുമ്പോൾ അതിൽ ഒരാളെ മാത്രം പ്രോസിക്യൂട്ടു ചെയ്യാൻ പാടില്ല.

RETRENCHMENT IN THE P. W. D.—CHIEF ENGINEER'S REPORT—ACTION TAKEN

34. (156) **Mr. K. W. Muralidhara Marar** *(Trippunittura)*: Will Government be pleased to state,—

(*a*) whether the Chief Engineer has submitted any report regarding retrenchment in his Department;

(*b*) if so, what action the Government have taken in this matter?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) Yes; Mr. K. B. Menon when he was officiating Chief Engineer.

(*b*) It is under the active consideration of Government.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: ഈ സെഷൻ കഴിയുന്നതിനുമുമ്പു് ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും ഉത്തരവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ സെഷൻ കഴിയുന്നതിനുമുമ്പുതന്നെ ഉത്തരവു പുറപ്പെടുവിക്കണമെന്നാണു് വിചാരം.

മിസ്റ്റർ വി. കെ. ജോസഫ്: ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടു് മഹാരാജാവു തിരുമനസ്സിലെ അടുക്കലേക്കയച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനെ സംബന്ധിച്ചു കാര്യങ്ങൾ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതുകൊണ്ടു് ഇതിൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly